# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5421 — 01.07.2014-ൽ മറുപടിക്ക്

### ഭവന പദ്ധതികളിലെ നിബന്ധനകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 100% സബ്സിഡിയുള്ള ഭവന പദ്ധതികൾ ഏതെല്ലാമാണ്; | (എ) 100% സബ്സിഡിയുള്ള ഭവന പദ്ധതികൾ ഒന്നും ഭവന നിർമ്മാണ ബോർഡിൽ നടപ്പിലാക്കുന്നില്ല. |
| ബി) തിരിച്ചടക്കേണ്ട ഭവന പദ്ധതികൾ ഏതൊക്കെയാണ്; ഇവയുടെ പലിശ, തിരിച്ചടവ് കാലാവധി എന്നിവ് വിശദമാക്കുമോ; | (ബി) ഭവന നിർമ്മാണ ബോർഡിൽ നിലവിലുള്ള തിരിച്ചടയ്ക്കേണ്ട ഭവന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. ഭൂ-ഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ദുർബല വിഭാഗക്കാർക്കുള്ള സാഫല്യം ഭവന പദ്ധതിയിലെ ഫ്ളാറ്റുകളുടെ നിർമ്മാണച്ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 1 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും സമാഹരിക്കുന്ന വായ്പയും, 25,000/- രൂപ സന്നദ്ധ സംഘടനാ വിഹിതവും, 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഹഡ്കോയിൽ നിന്നും സമാഹരിക്കുന്ന 1 ലക്ഷം രൂപ 168 മാസ തവണകളായി ഗുണഭോക്താക്കൾ തിരിച്ചടയ്ക്കേണ്ടതുമാണ്. നിലവിലുള്ള പലിശ നിരക്കായ 10.75% പ്രകാരം (9.25% ഹഡ്കോ ഈടാക്കുന്ന പലിശയും, 1.50% സർവ്വീസ് ചാർജും) ഗുണഭോക്താവിന്റെ പ്രതിമാസ തിരിച്ചടവ് തുക 1,154/- രൂപ/ഫ്ളാറ്റ് ആയി കണക്കാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തിരിച്ചടക്കേണ്ട ഭവന വായ്പകൾക്ക് പലിശ കൂടുതലാണെന്നും, സാധാരണക്കാരന് താങ്ങാൻ കഴിയുന്നില്ലെന്നും ഇതു മൂലം ഭവന ലോണുകൾ എൻ. പി. എ ആകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും | പലിശ കൂടുതലാണെന്ന കാരണത്താൽ ഭവന ലോണുകൾ എൻ.പി.എ. ആകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ 5% പലിശ നിരക്കിൽ ഭവന പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) യും | |

സെക്ഷൻ ഓഫീസർ